

# ലൂർദ്ദ്പുരം ( ഇഞ്ചക്കുണ്ട് )
# ലൂർദ്ദ് മാതാ ഇടവക

തൃശ്ശൂർ ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തായി ഇരിങ്ങാലക്കുട രൂപതയുടെയും കൊടകര ഫൊറോനയുടെയും വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന 12 ചതുരശ്ര കിലോമീറ്ററോളം വരുന്ന പ്രകൃതിരമണീയമായ കാർഷികപ്രദേശമാണ് ലൂർദ്ദ്പുരം ഇടവക. 375 റോമൻ കത്തോലിക്ക കുടുംബങ്ങളും അത്ര തന്നെ മറ്റു മതസ്തരും വളരെ സൗഹാർദ്ദത്തോടെ കഴിഞ്ഞുപോരുന്നു.

## പ്രാർത്ഥനാലയങ്ങൾ

മദ്ധ്യതിരുവിതാംകൂറിൽ നിന്ന് അഞ്ചാറ് പതിറ്റാണ്ടുകൾക്ക് മുമ്പ് 33 കുടുംബങ്ങൾ കുടിയേറി താമസിച്ചതോടെയാണ് ഇഞ്ചക്കുണ്ട് (ലൂർദ്ദ്പുരം) ഇടവകയുടെ ചരിത്രം ആരംഭിക്കുന്നത്. ഇവിടുത്തെ വളക്കൂറുള്ള മലനിരകൾ വെട്ടിത്തെളിച്ച് പൊന്നുവിളയിക്കാൻ എത്തിയവരിൽ ഭൂരിഭാഗവും കത്തോലിക്കരായിരുന്നു. എന്നാൽ, അവരുടെ ആത്മീയ കാര്യങ്ങൾക്ക് ആറും ഏഴും കിലോമീറ്ററുകൾ അകലെയുള്ള മൂന്നുമുറി, വരന്തരപ്പിള്ളി, പള്ളിക്കുന്ന് പള്ളികൾ മാത്രമായിരുന്നു ആശ്രയം. മാസത്തിൽ ഒരിക്കൽ പ്രാർത്ഥനക്കായി എല്ലാ കുടുംബങ്ങളും ഏതെങ്കിലും ഒരു വീട്ടിൽ ഒരുമിച്ചുകൂടുക പതിവായിരുന്നു. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽനിന്നാണ് പള്ളിപണി എന്ന ആശയം രൂപമെടുത്തത്. പള്ളി പണിയുന്നതിനു വേണ്ടി ലൂർദ്ദ്പുരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നാരകത്തോളിയിൽ കിഴക്കൻ കുഞ്ഞിപ്പാലുവിന്റെ പണ്ടാരവക ഭൂമിയിൽ നിന്ന് രണ്ടേക്കറോളം സ്ഥലം ഇഷ്ടദാനമായി നല്കി. അവിടെ 1955-ൽ വി. അഗസ്തീനോസിന്റെ നാമധേയത്തിൽ പള്ളിപണി പൂർത്തിയാവുകയും മൂന്നുമുറി പള്ളി വികാരിയായിരുന്ന റവ. ഫാ. ജോസഫ് കള്ളിയത്ത് ആദ്യമായി ഈ പ്രദേശത്ത് 1956 ആഗസ്റ്റ് 20-ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തു. എന്നാൽ, ലൂർദ്ദ്പുരത്തിന്റെ വടക്ക് ഭാഗത്തുള്ളവർക്ക് ഇത് അസൗകര്യമായി തോന്നിയതുകൊണ്ട് അവിടെ കൽക്കുഴിയിൽ ഒരു പള്ളി പണിയണമെന്ന് തീരുമാനിച്ചു. അബ്ദുള്ള സായ്‌വ്, വെള്ളച്ചാലിൽ ആഗസ്തി എന്നിവർ നല്കിയ സ്ഥലത്ത് അവിടെ വി. അന്തോണീസിന്റെ നാമത്തിൽ ഒരു പള്ളി പണിയുകയും ബഹുമാനപ്പെട്ട കള്ളിയത്തച്ചൻ 1956 ഒക്ടോബർ 3-ന് ബലിയർപ്പിക്കുകയും ചെയ്തു. കുറച്ചുകാലം ഈ രണ്ടു പള്ളികളിലും ദിവ്യബലി നടന്നിരുന്നു.




സെന്റ് ജോസഫ്സ് കപ്പേള



സെന്റ് അഗസ്റ്റിൻസ് കപ്പേള

## ലൂർദ്ദ്മാതാപള്ളി

പിന്നീട് വരന്തരപ്പിള്ളി സി.എം.ഐ. ആശ്രമത്തിലെ പ്രിയോരായി വന്ന ബഹു. റെജിനാൾഡച്ചന്റെ ശ്രമഫലമായി 1958-ൽ രണ്ടു വിഭാഗത്തെയും കൂട്ടിച്ചേർത്ത് മദ്ധ്യഭാഗത്തുള്ള മലമുകളിൽ ലൂർദ്ദ്മാതാവിന്റെ നാമത്തിൽ പള്ളി പണിയുകയും 1960 ആഗസ്റ്റ് 14-ാം തിയ്യതി തൃശ്ശൂർ രൂപതാമെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി പള്ളി ആശീർവദിക്കുകയും പ്രഥമ ദിവ്യബലിയർപ്പിച്ച് ഇടവകയായി ഉയർത്തുകയും ചെയ്തു. ഇതോടെയാണ് ഇഞ്ചക്കുണ്ട് എന്ന പ്രദേശത്തിന് ലൂർദ്ദ്പുരം എന്ന പേരു വന്നത്. പ്രഥമ കൈക്കാരന്മാരായി താഴത്തേൽ തോമസ്, മഞ്ഞാടിക്കൽ ഔസേപ്പ്, ചക്കിക്കല്ലിൽ ഫിലിപ്പ് എന്നിവർ സ്ഥാനം ഏറ്റെടുത്തു. കൊട്ടിശ്ശേരി മത്തായി ദേവാലയ ശുശ്രൂഷിയായി വികാരിയച്ചനെ സഹായിച്ചു.



സെന്റ് തോമസ് കപ്പേള



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള

## പുരോഗതിയുടെ പാതയിൽ

തുടർന്ന് (1961-63) ബഹു. ജോൺ വാഴപ്പിള്ളിയച്ചനായിരുന്നു വികാരി. ഇക്കാലത്താണ് സിമിത്തേരിപ്പണി പൂർത്തിയാക്കിയതും സൺഡേ സ്ക്കൂൾ ആരംഭിച്ചതും. പ്രധാന അധ്യാപകനായി നാട്ടുനിലത്ത് കുര്യാക്കോസ് സേവനം ആരംഭിച്ചു. ഗവണ്മെന്റ് എൽ.പി. സ്ക്കൂൾ അനുവദിച്ചു കിട്ടിയതും ഈ സമയത്താണ്. പള്ളി കോമ്പൗണ്ടിൽ ഷെഡ്ഡ് വച്ചുകെട്ടിയാണ് സ്ക്കൂൾ ആരംഭിച്ചത്.

1965 മുതൽ 1971 വരെ ബഹു. ജോർജ്ജ് കണ്ണാത്തച്ചനായിരുന്നു വികാരി. ഈ കാലത്ത് 1967-ൽ വൈദികമന്ദിരം, സെന്റ് സെബാസ്റ്റ്യൻ കപ്പേള, സ്റ്റേജ്, പീടികമുറികൾ, റോഡുകൾ മുതലായവ ഉണ്ടായി. 1971 മുതൽ 1976 വരെ ബഹു. ഫാ. ജോസ് ആലപ്പാട്ടായിരുന്നു. ചെറുപുഷ്പ മിഷൻലീഗ്, ഗായകസംഘം തുടങ്ങിയ സംഘടനകളും സൺഡേ സ്ക്കൂൾ ബിൽഡിങ്ങും ഈ കാലത്താണ് ഉണ്ടായത്. 1976 മുതൽ 1981 വരെ ബഹു. റവ. ഫാ. കണ്ണാത്ത് വീണ്ടും ഇടവകയുടെ സാരഥ്യം ഏറ്റെടുത്തു; പള്ളി പുതുക്കി പണിത് മനോഹരമാക്കി. ഇതിനിടയിൽ ഇരിങ്ങാലക്കുട രൂപത 1978-ൽ സ്ഥാപിതമായി. 1980 ഫെബ്രുവരി 10-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ നവീനദേവാലയം ആശീർവദിച്ചു. രണ്ട് ഘട്ടങ്ങളിലായി 12 വർഷത്തോളം അദ്ദേഹം ഇടവകയെ ധീരോദാത്തമായി നയിച്ചു.

1987 മുതൽ 1990 വരെ റവ. ഫാ. ജോൺ കവലക്കാട്ട് (Sr.) വികാരിയായിരുന്നു. ഇക്കാലത്ത് വി. സെബസ്ത്യാനോസ്, വി. ആഗസ്തിനോസ്, വി. തോമാശ്ലീഹ എന്നീ പുണ്യവാന്മാരുടെ നാമത്തിൽ തെക്ക്, പടിഞ്ഞാറ്, കിഴക്ക് ഭാഗങ്ങളിലായി പണിത മൂന്നു കപ്പേളകൾ 1988 ഫെബ്രുവരി 12-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ആശീർവദിച്ചു. 2009 ആഗസ്റ്റ് 23-ന് പള്ളിയുടെ സുവർണ്ണജൂബിലി ആരംഭിച്ചു.

## കോൺവെന്റ്

1988 മാർച്ച് 19-നാണ് ചാരിറ്റി (C.S.C.) സിസ്റ്റേഴ്സിന്റെ ഒരു കോൺവെന്റ് ഇവിടെ സ്ഥാപിതമായത്. 1995-ൽ ബഹു. സിസ്റ്റേഴ്സ് ഒരു നഴ്സറി സ്ക്കൂൾ ആരംഭിച്ചു.

ബഹു. ഫാ. ജോൺ മാളിയേക്കൽ (Jr.) വികാരി ആയിരുന്ന കാലഘട്ടത്തിലാണ് പള്ളിയുടെ ചുറ്റുമതിൽ പണിതത്. ബഹു. ഫാ. ജോൺസൺ ജി. ആലപ്പാട്ട് അച്ചന്റെ കാലഘട്ടത്തിൽ പള്ളിയുടെ മുഖവാരം



സെന്റ് ആൻസ് സി.എസ്.സി. കോൺവെന്റ്

പുതുക്കിപ്പണിതു. ബഹു. ഫാ. പോൾ ചെറുവത്തൂർ വികാരി ആയിരുന്ന കാലഘട്ടത്തിലാണ് പാരിഷ് ഹാൾ നിർമ്മിച്ചതും കുടുംബയൂണിറ്റുകൾ സ്ഥാപിച്ചതും.

## ലൂർദ്ദ്മാതാ സ്കൂൾ

1995–ൽ പള്ളിപ്പരിസരത്ത് ലൂർദ്ദ്മാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ കാലക്രമത്തിൽ അതിന്റെ നടത്തിപ്പിനെ ചൊല്ലി അഭിപ്രായവ്യത്യാസം നേരിട്ടതിനാൽ 2001–ൽ ബഹു. ബിനോയ് പൊഴോലിപറമ്പിലച്ചന്റെ കാലത്ത് "ലൂർദ്ദുമാതാ എജുക്കേഷനൽട്രസ്റ്റ്" രൂപീകരിച്ച് സ്കൂൾ അതിന്റെ കീഴിലാക്കി. ബഹു. ജോൺപോൾ ഇയ്യന്നം അച്ചൻ വികാരിയായിരിക്കെ സ്കൂളിന് ഗവൺമെന്റിൽ നിന്ന് അംഗീകാരം ലഭിച്ചു. പിന്നീട് പള്ളിയിൽനിന്ന് നേരിട്ട് സ്കൂൾ നടത്താൻ ബഹു. ടോം മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ എടുത്ത യോഗനിശ്ചയത്തിന് രൂപതയുടെ അംഗീകാരം ലഭിച്ചു. പിന്നീട് ഫാ. ജോൺ തെക്കേത്തലയുടെ നേതൃത്വത്തിൽ 'ലൂർദ്ദുപുരം പാരിഷ് എഡ്യൂക്കേഷണൽ ട്രസ്റ്റ്' രൂപീകരിച്ചു. സ്കൂൾ സി.ബി.എസ്.ഇ. സിലബസിലേക്ക് മാറ്റി. സ്കൂളിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം 2009 ആഗസ്റ്റ് 23–ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.



ലൂർദ്ദ്മാതാ സ്കൂൾ



വൈദിക മന്ദിരം

## പുതിയ വൈദികമന്ദിരം

ടോം മാള്യേക്കൽ അച്ചന്റെ കാലഘട്ടത്തിൽ വൈദികമന്ദിരവും, വി. ഔസേപ്പിതാവിന്റെ നാമത്തിലുള്ള കപ്പേളയും പുതുക്കിപ്പണിതു. കൂടാതെ, സ്കൂൾ കെട്ടിടത്തിനുള്ള സ്ഥലവും വാങ്ങി.



സെന്റ് ആന്റണീസ് കപ്പേള